**ഭരണഭാഷ മാതൃഭാഷ**

## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ഐ.എ.എസ്.ഇ കോളജിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ അനിൽ പ്രകാശ് പി.ആർ ന് - ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടികയിൽ സ്ഥാനം പുനർനിർണയിച്ച് - ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:DCETVM/4084/2024-C4 തിയതി: 20-06-2024

---

പരാമർശം 1)08/09/2016 തീയതിയിലെ സി4/20099/2016/കോ.വി.വ നമ്പർ മുൻഗണന പട്ടിക.

2)06/05/2016 തീയതിയിലെ സി3/6168/2016/കോ.വി.വ നമ്പർ മുൻഗണന പട്ടിക

3)ശ്രീ.അനിൽ പ്രകാശ്.പി.ആർ, ഓഫീസ് അറ്റൻഡൻറിൻറെ 02/11/2021 ലെ പരാതി .

4)28/06/2022 ലെ എഫ്1/52/2022/ഉ.വി.വ നം. സർക്കാർ കത്ത്

5) കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/01/2023 ലെ C3/41288/2021/DCE നം. ഉത്തരവ്

6)തൃശ്ശൂർ ഐ.എ.എസ്.ഇ പ്രിൻസിപ്പാളിൻറെ 11/12/2023 ലെ A1/2/2023/IASETSR നം. കത്ത്

7) ഈ കാര്യാലയത്തിൽ നിന്നുള്ള 31/05/2024 ലെ ഇതേ നമ്പർ സർക്കുലർ

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തൃശ്ശൂർ ഐ.എ.എസ്.ഇ ലെ ഓഫീസ് അറ്റൻഡൻറ് ശ്രീ അനിൽ പ്രകാശ് പി ആർ 21.08.2014 ലെ തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശയെ തുടർന്ന് 22.09.2014 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വാച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് തൃശ്ശൂർ പി.എസ്.സി ഓഫിസിൽ നിന്നും റൊട്ടേഷൻ കണക്കാക്കുന്നതിൽ പിശക് പറ്റി എന്ന് മനസിലാക്കുകയും പി.എസ്.സി യിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് മേൽ പരാമർശിച്ച നിയമനം റദ്ദ് ചെയ്ത് 15.01.2015 ൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാൻ ഒഴിവിലേക്ക് നിയമന ശിപാർശ നൽകുകയും ചെയ്തു . തുടർന്ന് ടിയാൻ 09.02.2015 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 10.02.2015 ൽ ചേലക്കര സർക്കാർ കോളേജിൽ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരമുള്ള ഓഫീസ് അറ്റൻഡൻറ് / നൈറ്റ് വാച്ച്മാൻ / മാർക്കർ എന്നിവരുടെ അന്തിമ മുൻഗണന പട്ടികയിൽ ടിയാൻ ക്രമ നം 333 ആയിരുന്നു . ടിയാന് എഫക്ടീവ് അഡ്വൈസ് തീയതി ആയ 21.08.2014 മുതൽ ഉള്ള സീനിയോറിറ്റി ആനുകൂല്യങ്ങൾ നൽകണമെന്ന് കാണിച്ച് പരാമർശം (3) പ്രകാരം പരാതി സമർപ്പിക്കുകയും ആയതിൽ ഈ കാര്യാലയത്തിൽ നിന്ന് സർക്കാർ സ്പഷ്ടീകരണം തേടുകയും ചെയ്തിരുന്നു.

പരാമർശം (4) പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമാകുകയും ആയതിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 27(സി) പ്രകാരം പ്രസ്തുത പി.എസ്.സി അഡ്വൈസ് തിയതി അടിസ്ഥാനമാക്കി ശ്രീ.അനിൽ പ്രകാശ് പി.ആർ ന അർഹമായ

I/101980/2024

സ്ഥാനം നൽകി സീനിയോറിറ്റി ലിസ്റ്റ് പുനഃ ക്രമീകരിക്കുന്നതിന് അനുമതി നൽകുകയും തുടർന്ന് പരാമർശം (2) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീ അനിൽ പ്രകാശ് പി.ആർ ന ക്രമനമ്പർ 300 നും 301 നും ഇടയിൽ 300 എ ആയി ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. അതുപോലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിലും സ്ഥാനം പുന:ക്രമീകരിക്കണ മെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടിയാൻറെ സീനിയോറിറ്റി നിയമനഉപാർശ തീയതിയായ 21/08/2014 അടിസ്ഥാനത്തിൽ നിശ്ചയിക്കാൻ പരാമർശം (4) പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുള്ള സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായുള്ള പരാമർശം (1) സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിലവിലെ ടിയാൻറെ സ്ഥാനം 391 എന്നത് പി.എസ്.സി അഡ്വൈസ് തീയതി കണക്കാക്കി പുന:നിർണ്ണയിച്ച് 356 നും 357 നും ഇടയിൽ 356 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തി ഇതിനെതിരെ ടി ലിസ്റ്റിൽ 357 മുതൽ 390 വരെയുള്ള ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം ആയത് സമർപ്പിക്കുന്നതിന് സമയം നല്കിയിരുന്നുവെങ്കിലും നാളിതുവരെ ആരും പരാതിയൊന്നും സമർപ്പിച്ചിട്ടില്ലാത്തതാകുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീ അനിൽ പ്രകാശ് പി.ആർ, ഓഫീസ് അറ്റൻഡൻറിൻറെ സ്ഥാനം 391 എന്നത് 356 നും 357 നും ഇടയിൽ 356 A ആയി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു .

Signed by
Aseem A
Date: 20-06-2024 14:56:39

sd/-

ASEEM A

SENIOR ADMINISTRATIVE OFFICER

0471-2303548

dir.colledn@kerala.gov.in

സ്വീകർത്താവ്

ശ്രീ.അനിൽ പ്രകാശ്.പി.ആർ, ഓഫീസ് അറ്റൻഡൻറ്

പകർപ്പ്

സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)